**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2047** **14-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ഗൺമാൻ മർദ്ദിച്ചത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ഗൺമാന് ക്രമസമാധാന ചുമതലയുള്ള പോലീസിന്റെ കൃത്യനിർവഹണത്തിൽ ഏർപ്പെടുന്നതിന് അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 02.06.2021 ലെ പോലീസ് ആസ്ഥാനത്തെ Advisory 27/2021 പ്രകാരം - Z Plus കാറ്റഗറിയിലുള്ള സംരക്ഷിത വ്യക്തിയ്ക്ക് സംരക്ഷണം നൽകുന്നതിനെ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായ ചുമതലകൾ നിർവഹിക്കാൻ സുരക്ഷാ ഉദ്യോഗസ്ഥന് അധികാരമുണ്ട്. |
| (ബി) | നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ് കെഎസ്‌യു പ്രവർത്തകരെ ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ മർദ്ദിച്ചതു സംബന്ധിച്ച കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്; റിപ്പോർട്ട് ബഹു. കോടതിയുടെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത മർദ്ദനത്തിന്റെ ദൃശ്യങ്ങൾ കണ്ടെത്തുവാൻ സാധിച്ചില്ല എന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് ഇപ്രകാരം റിപ്പോർട്ട് നൽകിയത്; ഇക്കാര്യത്തിൽ പുനരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്; റിപ്പോർട്ട് ബഹു. കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ